(ഇ) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനും വീടു നിർമ്മിക്കുന്നതിനും നൽകിയിരുന്ന ധനസഹായം ഭൂമിയുടെ വിലയും നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും പരിഗണിക്കുമ്പോൾ അനാകർഷകമായിരുന്നതിനാലാണ് ഈ പദ്ധതികൾക്കായി അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ രണ്ടു പദ്ധതികൾ പ്രകാരവും ഗുണഭോക്താക്കളായ പട്ടികജാതിക്കാർക്ക് നൽകുന്ന ധനസഹായം ഗണ്യമായി വർദ്ധിപ്പിച്ച് നൽകുന്നുണ്ട്.

സ്വയം തൊഴിൽ സൃഷ്ടിക്കുന്നതിനായി കാനോപി അനുവദിക്കുന്ന പദ്ധതി

3(5576) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പ്ലാൻഡ് ഫണ്ടിൽനിന്നും മിൽമ ഐസ്ക്രീം വിൽക്കുന്നതിന് മേൽക്കൂരയുള്ള ഫ്രീസർ ഫിറ്റ് ചെയ്ത വാഹനം (കാനോപി) എത്രയെണ്ണം വീതം ഏതെല്ലാം ജില്ലകളിൽ വിതരണം ചെയ്തു ;

(ബി) ഇതിന് വേണ്ടി എത്ര രൂപ ചെലവഴിച്ചുവെന്നും ഇതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം എന്തെല്ലാമെന്നും വ്യക്തമാക്കാമോ ;

(സി) ഓരോ ഗുണഭോക്താവിനും എത്ര രൂപയുടെ ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതി മോണിട്ടർ ചെയ്തിട്ടുണ്ടോ; ഇതിൽ ഇപ്പോൾ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലബാർ മേഖല മിൽമയുടെ കീഴിൽ ആകെ 100 കാനോപി വിതരണം ചെയ്തു. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

പാലക്കാട്	-	39
മലപ്പുറം	-	26
കോഴിക്കോട്	-	18
വയനാട്	-	3
കണ്ണൂർ	-	8
കാസർഗോഡ്	-	6

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2 കോടി രൂപയാണ് ഈ പദ്ധതിക്കായി ആകെ ചെലവഴിച്ചത്. മലബാർ മിൽമയുടെ അംഗീകൃത ക്ഷീര സംഘങ്ങളിലെ അംഗങ്ങളും സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധരുമായ പട്ടികജാതിക്കാരായ ഗ്രാമീണയുവതീ യുവാക്കളെയാണ് ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്. ഗുണഭോക്താക്കൾ 5000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയും 3876-രൂപ ഗുണഭോക്തൃ വിഹിതമായും അടയ്ക്കേണ്ടതുണ്ട്.

(സി) 2,00,000 രൂപയുടെ ആനുകൂല്യം ലഭിച്ചു.

(ഡി) ഉണ്ട്. 100 കാനോപി വിതരണം ചെയ്തതിൽ കോഴിക്കോട്, വയനാട് ജില്ലകളിലെ ഓരോ യൂണിറ്റ് ഒഴികെ എല്ലാ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

പാലക്കാട്	-	39
മലപ്പുറം	-	26
കോഴിക്കോട്	-	17
വയനാട്	-	2
കണ്ണൂർ	-	8
കാസർഗോഡ്	-	6
ആകെ	-	98

വിവിധ ജില്ലകളിലെ യൂണിറ്റുകളുടെ പേരും വിലാസവും അനുബന്ധമായി ചേർക്കുന്നു.*

പട്ടികജാതി ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

4(4162) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി ക്ഷേമത്തിനായി നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ് ; ഇതിലേക്കായി എത്ര രൂപ വകയിരുത്തി ; ആയതിൽ എത്ര ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പട്ടികജാതി ക്ഷേമത്തിനായുള്ള 2012-13 വർഷത്തെ പ്ലാൻ ഫണ്ടിന്റെ വിശദ വിവരം ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly